# ‘വലിയ വിശ്വാസം’

## മത്തായി 15:27

“അതിന്നു അവൾ: അതേ, കർത്താവേ, നായക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ എന്നു പറഞ്ഞു.”

ഒരു കനാന്യസ്ത്രീയുടെ ജീവിതത്തിന്റെ അനുഭവത്തിൽ നിന്നു ലോകത്തിനു വെളിപ്പെടുത്തുന്ന ഒരു മഹത്തായ പ്രസ്താവനയാണ് നാം കണ്ടതായ ദൈവവചനഭാഗം. ഈ സംഭവം മുഴുവനായി വിശകലനം ചെയ്തുകൊണ്ട് നോക്കിയാൽ കാണുന്നത് ഒരു കനാന്യയായ, ജാതീയ സ്ത്രീയുടെ വലിയ വിശ്വാസത്തിന്റെ പ്രതിഫലനം ആണ്.

ദൈവത്തിന്റെ സ്വന്തം ജനം എന്ന് അവകാശപ്പെട്ടുകൊണ്ട് നടന്നിരുന്ന യിസ്രായേൽജനം കാണാതെപോയ, യേശുവിനെ അവൾ കണ്ടു. കർത്താവിനെ കാണേണ്ടതുപോലെ കണ്ടു, അറിഞ്ഞു, അന്വേഷിച്ചു, അനുഗ്രഹിക്കപ്പെട്ടു. ലോകത്തിലുള്ള സകല മനുഷ്യരെയും രക്ഷിപ്പാനുള്ള യേശുക്രിസ്തുവിന്റെ ഹൃദയവാഞ്ചയും അവന്റെ അഗാധമായ സ്നേഹവും അവളുടെ എളിയ ഹൃദയഭാഷയിൽ ലോകജനതയ്ക്ക് വെളിപ്പെടുത്തുന്നു. അതുകൊണ്ടാണ് കർത്താവിനെ സമീപിച്ചയുടനെ “കർത്താവേ, ദാവീദ്പുത്രാ, എന്നോടു കരുണ തോന്നണമേ” എന്നു യാചിച്ചത്. കരുണയ്ക്കായുള്ള നിലവിളിയാണ് ആദ്യം കാണുന്നത്. ആ നിലവിളി കർത്താവിനോടായിരുന്നു. ‘കർത്താവേ’ എന്ന വിളിയിൽ എത്ര ആഴമേറിയ അർത്ഥം നമുക്ക് ദർശിക്കാം. കർതൃത്വം കർത്താവിന്റെ കൈയിൽ കൊടുത്ത് കരുണയ്ക്കായി അഭ്യർത്ഥിക്കുന്നു. പിന്നീടാണ് തന്റെ ആവശ്യം യേശുവിനെ അറിയിക്കുന്നത്. അതായത് തന്റെ മകൾക്ക് സൗഖ്യം വേണമെന്നുള്ളത്. യേശു, ദാവീദ് പുത്രനാണെന്നും, അവന്റെ കരുണ ഉണ്ടെങ്കിലെ തന്റെ ജീവിതത്തിനും, ജീവിത ഭാരങ്ങൾക്കും രക്ഷയുള്ളൂ എന്നുമുള്ള അടിയുറച്ച വിശ്വാസം എത്ര അതിശയകര മാകുന്നു.

തിരുവെഴുത്തുകളോ, വേദോപദേശങ്ങളോ അറിയുവാൻ യാതൊരു അനുകൂല സാഹചര്യങ്ങളും അവൾക്കില്ലായിരുന്നു. എങ്കിലും യേശുവിനെക്കുറിച്ച് അറിയേണ്ടത് എന്തോ അത് ആഴത്തിലറിയുവാൻ സാധിച്ചു എന്നതാണ് സത്യം. കർത്താവ് അവളെ പരീക്ഷിക്കാൻ ഇങ്ങനെ പറയുന്നു ‘യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല’ (മത്താ. 15:24). വീണ്ടും യേശു പറയുന്നു “മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നതു നന്നല്ല”

(മത്താ. 15:26). അവന്റെ മേശയിൽനിന്നുള്ള അപ്പം തന്റെ മക്കൾക്കു മാത്രമാണെന്നുള്ളതും, തന്റെ സ്വന്തജനമായ യിസ്രായേലിനെ തേടി മാത്രമാണ് യേശു വന്നതെന്നും അവളോട് പറയുന്നു. എന്നാൽ യജമാനന്റെ മേശയിൽനിന്നു വീഴുന്ന ബാക്കിയുള്ള അപ്പനുറുക്കുകൾ മാത്രമാണ് ഈ സ്ത്രീ യാചിച്ചത്. അതേ, സാഹചര്യങ്ങൾ എത്ര പ്രതികൂലമായാലും കർത്താവിനെ വിടാതെ പിൻപറ്റുവാൻ ഹൃദയത്തിൽ ദൃഢമായി അവൾ തീരുമാനിച്ചു കഴിഞ്ഞിരുന്നു.

തന്റെ ജീവിതത്തെ രക്ഷിപ്പാൻ കഴിയുന്നവനായ ഏകൻ, കർത്താവ് മാത്രമാണെന്ന് അവൾക്ക് മനസ്സിലായി. ഉടയവൻ പക്ഷത്തുനിന്നുള്ള അല്പം കൃപ മതി തന്റെ ജീവിതാനുഭവങ്ങളുടെ മേലുള്ള വിടുതലിനും, അനുഗ്രഹത്തിനുമെന്ന് തിരിച്ചറിഞ്ഞു. എത്ര മഹത്തരമായ വിശ്വാസം. കർത്താവ് ഇവളുടെ വിശ്വാസത്തെ കണ്ട് "വലിയ വിശ്വാസം" എന്നാണ് പറയുന്നത്.

നാം ഇന്ന് സുവിശേഷത്തിന്റെ സുഭിക്ഷിതയിലാണല്ലോ കഴിയുന്നത്. എവിടേക്ക് തിരിഞ്ഞാലും ദൈവവചനം, ഏതു ഭാഷയിലും ലഭ്യമാകുന്നു. എന്നാൽ കേട്ടതിനും പ്രാപിച്ചതിനും അനുസരിച്ച് സ്ഥിരമായ ഒരു ഹൃദയത്തോടും, ആശ്രയത്വത്തോടും ഉറച്ചു നിൽക്കാൻ പരാജയപ്പെടുന്ന ഓരോ ദൈവജനത്തോടുമുള്ള ദൂത് ആണ് ഈ സ്ത്രീയുടെ വിശ്വാസം.

കർത്താവേ! ദാവീദുപുത്രാ കരുണ തോന്നേണമേ! എന്നുള്ള നിലവിളിയോടെ നമ്മുടെ ദിനം ആരംഭിക്കാനും അവസാനിക്കാനും ഇടയാകട്ടെ. അവന്റെ കരുണാപാത്രം നമുക്കായി തുറന്നിരുന്നാൽ സകലത്തിനും അതു മതി. മറ്റൊന്നും വേണ്ട. കരുണ നമ്മുടെ മേൽ വർഷിച്ചാൽ അത് രോഗങ്ങൾക്കും, ഭാരങ്ങൾക്കും, പ്രതികൂലങ്ങൾക്കും വിടുതലും അനുഗ്രഹവുമാകും. ഉടയവനറിയാം തന്റെ മക്കളുടെ ആവശ്യഭാരം. ചിലരെ വിശ്വാസ ശോധനയിലൂടെ കടത്തിവിട്ടാലും 'വലിയ വിശ്വാസം' തന്റെ മക്കളിൽ കാണാൻ കൊതിയോടെ കാത്തിരിക്കുന്ന കർത്താവിന്റെ പാദപീഠത്തിലേക്ക് ഏല്പിച്ചു കൊടുക്കാം. അവന്റെ കൃപ ധാരാളമായി ജീവിതത്തിൽ ഒഴുകട്ടെ. അനുഗ്രഹമായി തീരട്ടെ.

**പരാമർശം :**

**എബ്രായർ 11:6**

എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 025**